**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 780** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ ഗ്രാമം പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** തരൂർ നിയോജകമണ്ഡലത്തിലെ പാട്ടോല അംബേദ്കർ ഗ്രാമം പ്രവൃത്തി നിലവിൽ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** തരൂർ നിയോജക മണ്ഡലത്തിലെ KEL നിർവ്വഹണ ഏജൻസിയായിട്ടുള്ള പട്ടോല അംബേദ്ക്കർ ഗ്രാമം (2023-24) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. റോഡ് പ്രവൃത്തികളുടെ പ്രാരംഭ ലെവലുകൾ 11.08.2026-ന് രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട എർത്ത് വർക്ക് പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്.

3. റോഡ് റസ്റ്ററേഷൻ ആവശ്യമായ ഭാഗത്തെ GSB (Granular Sub-Base) പൂർത്തീകരിച്ചിട്ടുണ്ട്.

4. ബ്രാഞ്ച് റോഡിൽ ക്വാറി മക്ക് വിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

5. റോഡ് റസ്റ്ററേഷൻ ഭാഗത്തിന് സമീപമുള്ള ശേഷിക്കുന്ന റോഡ് ഭാഗത്തെ സ്കാരിഫിക്കേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

6. കോൺക്രീറ്റ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള ശേഷിക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ 2026 ഡിസംബർ ആദ്യവാരത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

7. വീടുകളുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന അറ്റകുറ്റപ്പണി പ്രവൃത്തികൾ 2026 ഡിസംബർ അവസാന വാരത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്

**സെക്ഷൻ ഓഫീസർ**